**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4074** **09-08-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി-മൈസൂർ പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ.വി.സുമേഷ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അന്തർ സംസ്ഥാന പാതകളുടെ വികസനം ലക്ഷ്യമിട്ട് മുൻ സർക്കാർ നടത്തിവന്നിരുന്ന പ്രവൃത്തിയുടെ ഭാഗമായി തലശ്ശേരി-മൈസൂർ പാതയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | തലശ്ശേരി - മൈസൂർ പാതയുമായി ബന്ധപ്പെട്ട് കെ.എസ്.റ്റി.പി നടത്തി വരുന്ന തലശ്ശേരി - വളവുപാറ റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ കൂട്ടുപുഴ പാലം, എരഞ്ഞോളി പാലം എന്നിവ ഒഴികെയുള്ളവയുടെ പണി പൂർത്തിയാ-യിട്ടുണ്ട്. പ്രസ്തുത പാലങ്ങളുടെ പണി 2021 സെപ്റ്റംബർ മദ്ധ്യത്തോടെ പൂർത്തിയാ-ക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ ആയത് എന്തെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് തടസ്സങ്ങളൊന്നും നേരിടുന്നില്ല. |
| (സി) | പ്രസ്തുത പാത യാഥാർത്ഥ്യമാകുന്നതോടെ ഉത്തരമലബാർ മേഖലയിലെ റോഡ് ഗതാഗതം, ടൂറിസം, വ്യവസായിക രംഗങ്ങൾ എന്നിവയിൽ ഉണ്ടായേക്കാവുന്ന വികസനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (സി) | മേൽപ്പറഞ്ഞ പാത പൂർത്തിയാകുന്ന-തോടെ കണ്ണൂർ വിമാനത്താവളത്തി-ലേയ്ക്കുള്ള കണക്ടിവിറ്റി, റോഡ് ഗതാഗത സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതു മുഖേന ടൂറിസം രംഗത്തും മറ്റും അഭിവൃദ്ധിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | തലശ്ശേരി-മൈസൂർ പാതയുടെ നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതിയ്ക്കുള്ള തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | ചൊവ്വ – മട്ടന്നൂർ - കൂട്ടുപുഴ - വളവുപാറ - വിരാജ്പേട്ട - മടിക്കേരി - മൈസൂർ റോഡിന്റെ കേരളത്തിലൂടെ കടന്നു പോകുന്ന ഭാഗം ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കണമെന്ന് ബഹു.മുഖ്യമന്ത്രി ബഹു. കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.നിർമ്മാണച്ചെലവ് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ